92

366327

C 41169 (Pages : 2) Name.....................................

Reg. No..................................

**FOURTH SEMESTER (CBCSS-UG) DEGREE EXAMINATION APRIL 2023**

Malayalam

MAL 4A 10—MALAYALA SAHITHYAM – IV

(2019 Admission onwards)

Time : Two Hours and a Half

Maximum : 80 Marks

## Section A

1. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

    1 നന്തനാർ എന്ന തൂലികാനാമധാരിയുടെ യഥാർത്ഥ പേരെഴുതുക.

    2 'തായ്മൊഴി' എന്ന ഭാഷാശാസ്ത്ര ഗ്രന്ഥം രചിച്ചതാര് ?

    3 'മരണത്തെ സ്നേഹിച്ചു കൊണ്ടു ജീവിക്കുക ! ജീവിതത്തെ വെറുത്തു കൊണ്ടു ജീവിക്കുക !' ഏത് കഥാപാത്രമാണ് ഇപ്രകാരം ചിന്തിക്കുന്നത് ? കൃതിയുടെ പേരെന്ത് ?

    4 സന്ദേശം കടന്നു പോകുന്ന മാധ്യമത്തിന് പറയുന്ന പേരെന്ത് ?

    5 പൗനരുക്ത്യം എത്രവിധം ? ഏതെല്ലാം ?

    6 വിമ്മിഷ്ടം, സ്വര്യം എന്നീ പദങ്ങളുടെ ശരിയായ രൂപങ്ങൾ എഴുതുക.

    7 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പാഠപുസ്തകമെന്ന നിലയിൽ പി. പവിത്രൻ നിർദ്ദേശിക്കുന്ന ബഷീറിന്റെ കൃതിയേത് ?

    8 പ്രഥമദർശനത്തിൽ കെ.പി. ശങ്കരനെ വിഭ്രമിപ്പിച്ച വിശ്രുതമായ ചലച്ചിത്ര പരിഭാഷയേതാണ് ?

    9 റൂമിയുടെ 10 കവിതകളുടെ മലയാള പരിഭാഷ നടത്തിയതാര് ?

    10 ഇന്ത്യൻ ദളിത് സാഹിത്യത്തിലെ പ്രധാനകൃതിയായ 'ജൂഠൻ' രചിച്ചതാര് ? ഈ കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

    11 'ഒസ്യത്ത്' എന്ന നാടകം രചിച്ചതാര് ?

    12 'സുരയ്യ' എന്ന നാമപദം കൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

    13 'ബഷീർ : ഏകാന്ത വീഥിയിലെ അവധൂതൻ' എന്ന കൃതി രചിച്ചതാര് ?

    14 അംഗചലനങ്ങളാൽ ആശയ വിനിമയം നടത്തുന്ന പഠനശാഖയുടെ പേരെന്ത് ?

    15 'മലയാള ഗദ്യത്തിൽ അനാവശ്യമായി 'ഒരു' കടന്നു കൂടിയത് ഇംഗ്ലീഷിന്റെ പ്രേരണ കൊണ്ടാണ്' ഇങ്ങനെ പ്രസ്താവിച്ചതാര് ?

(25 marks)

Turn over



Scanned with OKEN Scanner

## Section B

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16 മലയാളത്തിലെ സമുച്ചയ പ്രയോഗത്തിലെ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

17 ഭക്ഷണത്തിന്റെ ജനാധിപത്യത്തെക്കുറിച്ചുള്ള ലേഖകന്റെ നിലപാടെന്ത് ?

18 മലയാളിയുടെ കപടനാട്യത്തെക്കുറിച്ചുള്ള കാരശ്ശേരിയുടെ നിരീക്ഷണങ്ങൾ വിലയിരുത്തുക.

19 എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സാഹിത്യവും കലയും പഠനവിഷമമായി ഉൾപ്പെടുത്തണം എന്ന് പി. പവിത്രൻ അഭിപ്രായപ്പെടാനുള്ള കാരണമെന്ത് ?

20 'വ്യാജസൂചനകൾ' എന്ന കവിതാവിവർത്തനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

21 ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യം സ്വാതന്ത്ര്യത്തിന്റെ ഉത്പത്തിയെ സൂചിപ്പിക്കുന്നുവെന്ന് എം. ഗോവിന്ദൻ പറയുന്നതെന്തു കൊണ്ട് ?

22 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' ഈ തത്വം ഗുരു എങ്ങനെയാണ് ജീവിതത്തിൽ പാലിച്ചത് ?

23 താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.

(i) അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും പലയിടത്തും പൊതു പ്രവർത്തന ശൈലിയായി മാറിത്തുടങ്ങിയിരിക്കയാണ്.

(ii) മരം ഒടിഞ്ഞു വീണതിനു ശേഷം ഒരാഴ്ച കഴിഞ്ഞാണ് വാഹന ഗതാഗതം പുനഃസ്ഥാപിച്ചത്.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 അമ്പതുകളിലെ കേരളത്തിലെ മധ്യവർഗ്ഗ ജീവിതം ചിത്രീകരിക്കുന്ന നോവലാണ് 'അനുഭവങ്ങൾ' പരിശോധിക്കുക.

25 ഭാഷയിലെ ആശയവിനിമയത്തെ സംബന്ധിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

26 വ്യക്തിനാമങ്ങളുടെ വിവിധഗണങ്ങളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.

27 ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം എഴുതുക :

(i) മാധ്യമങ്ങളും സമൂഹവും.

(i) സമകാലിക സ്ത്രീ മുന്നേറ്റം.

(2 × 10 = 20 marks)



Scanned with OKEN Scanner